# ലേഡിബേർഡ്

പെൺസൈക്കിൾ

എം. അനുരാധ

സൈക്കിൾ ആണോ പെണ്ണോ? സൈക്കിളോടിക്കുന്ന പെൺകുട്ടികളെ കൊമ്പത്തെ പെണ്ണെന്ന് വിളിച്ചിരുന്ന കാലം മാറിയെങ്കിലും സൈക്കിളിന് ഇപ്പോഴും പുരുഷ പദവി തന്നെ. സ്ത്രീകൾക്ക് വേണ്ടി സംവരണം ചെയ്യപ്പെട്ട പുതിയ സൈക്കിളുകൾ വിപണിയിലിറക്കിക്കൊണ്ടാണ് സൈക്കിൾ കച്ചവടക്കാർ സൈക്കിളിന്റെ കാര്യത്തിൽ ലിംഗവിവേചനം ഇല്ലെന്ന് തെളിയിക്കാൻ ശ്രമം നടത്തുന്നത്.

എന്നാൽ സ്ത്രീകളെക്കുറിച്ച് വെച്ചുപുലർത്തുന്നതും പുരുഷ സമൂഹം സ്ത്രീകളിൽ ആരോപിക്കുന്നതുമായ സ്റ്റീരിയോടൈപ്പുകളെല്ലാം ബോധപൂർവ്വം നിലനിർത്തിക്കൊണ്ടും കൂടുതൽ ശക്തമായി സ്ഥാപിച്ചുകൊണ്ടും കൂടിയാണ് ലേഡീസ് സൈക്കിളിന്റെ രൂപകൽപന.

ലേഡീസ് സൈക്കിൾ സാധാരണ പുരുഷ സൈക്കിളുകളേതിനേക്കാൾ മെലിഞ്ഞതും (സ്ലിം ബ്യൂട്ടി) ഒതുക്കവും ഉള്ളതാണ്. വളരെ സെക്സി ആയ ഡിസൈൻ. ഒരു കമ്പനി സ്ത്രീകൾക്ക് വേണ്ടി പുറത്തിറക്കിയ സൈക്കിളിന് പേര് ലേഡിബേർഡ് എന്നാണ്. പെണ്ണിനെ പൂവിനോടും കിളിയോടുമൊക്കെയല്ലാതെ മറ്റെന്തിനോടാണ് ബന്ധിപ്പിക്കുക, അല്ലേ? മൃദുത്വം, സൗന്ദര്യം, ശാലീനത! പെൺ സൈക്കിളിന് കാരിയർ പേരിന് മാത്രം. സൈക്കിളിന്റെ സൗന്ദര്യം കുറഞ്ഞുപോകുമോ എന്ന ഭയമുള്ളതുകൊണ്ടുമാത്രം ഘടിപ്പിച്ചതുപോലെ. ഭാരമുള്ളതൊന്നും കയറ്റിവെച്ചാൽ കാരിയറിന് താങ്ങാനാവില്ല. പുരുഷസൈക്കിളുകളിൽ സാധാരണ കാണുമ്പോലുള്ള ഉറപ്പും ഭാരം കയറ്റാവുന്നതുമായ കാരിയറുകളല്ല പെൺസൈക്കിളുകൾക്കുള്ളത്. അബലയായ സ്ത്രീക്ക് ദുർബലയായ സൈക്കിൾ!

പുരുഷസൈക്കിളുകൾക്കില്ലാത്ത മറ്റൊരു ഘടകം പക്ഷേ പെൺസൈക്കിളുകളിൽ പൊതുവെ കാണാറുണ്ട്. മുൻപിൽ ഒരു പൂക്കൊട്ട! പ്രായോഗികമായ ഉപയോഗങ്ങളൊന്നും അവകാശപ്പെടാനില്ലാത്ത ഒരു ഏച്ചുകെട്ട്. പൂക്കുലകൾ നിറച്ച് സിനിമകളുടെ പാട്ടുസീനിൽ ഉപയോഗിക്കാം.





പെൺസൈക്കിളുകൾ അതിറ
ഡിസൈനിൽ ഏറ്റവും കൂടുതൽ ശ്രദ്ധ
ച്ചിരിക്കുന്നത് ഹാന്റിലിനും സീറ്റിനു
കുറുകെയുള്ള തണ്ട് ഒഴിവാക്കാനാണ്
കുലീനകളായ സ്ത്രീകൾ കാൽ കവച്ച
വെയ്ക്കുന്നത് അരോചകമാണെന്ന
സിദ്ധാന്തം. മാത്രമല്ല, സ്ത്രീകൾക
വേണ്ടി പറഞ്ഞുതയ്പ്പിച്ചുവെച്ചിരിക്കുന
വസ്ത്രങ്ങൾക്കും ഈ തണ്ടില്ലായ്
ന്നായി ചേരും. കുലീനമായ വസ്ത്ര
ങ്ങൾക്ക് യോജിച്ചതാണ് പെൺസൈക
ളുകളുടെ ഡിസൈൻ.

സൈക്കിൾ, സ്ത്രീകളുടെ സഞ്ചാ
സ്വാതന്ത്ര്യത്തെ പരിപോഷിപ്പിക്കുകയല്ല
മറിച്ച് നിലനിൽക്കുന്ന സ്റ്റീരിയോടൈപ്പ
കൾക്കും പുരുഷകാഴ്ചകൾക്കും ഇഷ്
ങ്ങൾക്കും ധാരണകൾക്കും വിധേയമായ
നിന്നുകൊണ്ട് ഒരു ചുറ്റിത്തിരിയൽ
സ്ത്രീകളുടെ വസ്ത്രങ്ങൾ, വനിതാ മ
സികകൾ തുടങ്ങി സ്ത്രീകൾക്കായി പുര
ഷൻമാർ നിശ്ചയിക്കുകയും നിവർത്തിക്ക
കയും ചെയ്യുന്ന സ്വാതന്ത്ര്യങ്ങളുടെയു
പുരോഗമനത്തിന്റെയും അതിരുകൾക്ക
ള്ളിൽ പെൺസൈക്കിളുകളും ചുറ്റിത്ത
രിയുന്നു.